# കോഴിക്കോട് രൂപത അതിരൂപത പദവിയിലേക്ക്

മലബാറിലെ ക്രൈസ്തവസഭയ്ക്ക് അത്താണിയും പ്രകാശഗോപുരവുമായി നിലകൊള്ളുന്ന മലബാറിന്റെ മാതൃരൂപതയായ കോഴിക്കോട് രൂപതയെ ഫ്രാൻസിസ് പാപ്പ അതിരൂപതയായും, അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവിനെ മെത്രാപ്പോലീത്തയായും (ആർച്ച് ബിഷപ്പ്) ഉയർത്തി. രൂപത സ്ഥാപിതമായിട്ട് 102 വർഷങ്ങൾ പൂർത്തിയാകുമ്പോൾ ദൈവം നൽകിയ അതിരൂപത പദവി വലിയൊരു അനുഗ്രഹമായിട്ടാണ് ഏവരും കാണുന്നത്. ഏപ്രിൽ 12 ശനിയാഴ്ച കോഴിക്കോട് ബിഷപ്സ് ഹൗസിൽ വെച്ച് വൈകുന്നേരം 3.30 നാണ് കോഴിക്കോട് രൂപതയെ അതിരൂപതയായും ചക്കാലക്കൽ പിതാവിനെ മെത്രാപ്പോലീത്തയുമായി നിയമിച്ചു കൊണ്ടുള്ള ഫ്രാൻസിസ് പാപ്പയുടെ ഉത്തരവ് പ്രഖ്യാപിച്ചത്. മലബാറിന്റെ മണ്ണിൽ കോഴിക്കോട് രൂപതയുടെ ചരിത്ര പ്രാധാന്യവും, വിശ്വാസ പാരമ്പര്യവും, അജപാലന ശുശ്രൂഷകളും വിലയിരുത്തി, മെത്രാന്മാരുടെയും സഭാ വിദഗ്ധരുടെയും പഠനങ്ങളുടെ പശ്ചാത്തതലത്തിലാണ് ഫ്രാൻസിസ് പാപ്പാ ഇങ്ങനെ ഒരു പദവി നൽകി കോഴിക്കോടിനേയും കേരള സഭയെയും അനുഗ്രഹിച്ചത്. കേരള ലത്തീൻ സഭയിൽ കോഴിക്കോട് രൂപത മൂന്നാമത്തെ അതിരൂപതയാണ്. വരാപ്പുഴയും തിരുവനന്തപുരവുമാണ് മറ്റ് രണ്ടു അതിരൂപതകൾ. വരാപ്പുഴ അതിരൂപതയെ വിഭജിച്ച് കണ്ണൂർ, സുൽത്താൻപേട്ട് കോഴിക്കോട് രൂപതകളെ ഒരുമിപ്പിച്ചുകൊണ്ടാണ് പുതിയൊരു പ്രവിശ്യയ്ക്ക് പാപ്പാ ജന്മം നൽകിയത്. മലബാറിലെ മണ്ണിൽ വിശ്വാസത്തിന്റെ ദീപനാളം കത്തിജ്വലിപ്പിക്കുവാൻ സഹായിച്ച മിഷനറി വര്യന്മാരുടെ ധീരോജ്ജ്വലമായ ജീവിതസാക്ഷ്യമാണ് കൃതജ്ഞതയോടെ നാം ഓർക്കുന്നത്. മംഗലാപുരം, കോയമ്പത്തൂർ. പോണ്ടിച്ചേരി, മൈസൂർ എന്നീ രൂപതകളുടെ ഭാഗമായിരുന്ന ഈ പ്രദേശം 1923 ജൂൺ 12ന് കോഴിക്കോട് രൂപതയുടെ കൂടക്കീഴിലായി മാറ്റപ്പെട്ടു എന്നത് ദൈവിക പദ്ധതിയുടെ ഭാഗമായും ദൈവിക അനുഗ്രഹമായും നാം കാണുന്നു. അന്നുമുതൽ ഇന്നുവരെ കേരള സഭയ്ക്ക് അഭിമാനകരമായ വിധം വ്യത്യസ്ത തലങ്ങളിൽ നിസ്തുലമായ സേവനം കാഴ്ചവെച്ചു കൊണ്ട് കോഴിക്കോട് രൂപത മുന്നേറുകയാണ്.

മലബാറിലെ ക്രൈസതവ സഭയ്ക്ക് 500 വർഷത്തെ പൗരാണികതയുണ്ട്. 1498 മെയ് 20-ന് വാസ്കോഡ ഗാമ കേരള മണ്ണിൽ എത്തുന്നതോടെ മലബാറിൽ ക്രൈസ്തവ വേരോട്ടത്തിന് തുടക്കം കുറിക്കുന്നു. വാസ്കോഡ ഗാമയോടൊപ്പം എത്തിയ ട്രിനിറ്റേറിയൻ സന്യാസ സഭാംഗമായ പെദ്രാ കോവിൽഹാമും മറ്റനേകം മിഷണറിമാരും മലബാറിൽ വിശ്വാസത്തിന്റെ

വിത്തുകൾ പാകി. ധിരതയോടെ ആരംഭിക്കപ്പെട്ട ആ സുവിശേഷ വൽക്കരണത്തിന്റെ ഭാഗമായി 1500-ൽ മലബാറിന്റെ തീരത്ത് വി. ആന്ത്രായോസിന്റെ പേരിലുള്ള ആദ്യ ദേവാലയം സ്ഥാപിതമായി 1549 വി ഫ്രാൻസിസ് സേവ്യറിന്റെ ആഗമനത്തോടെ മലബാറിലെ സുവി ശേഷവൽക്കരണം കൂടുതൽ ശക്തി പ്രാപിച്ചു.

ബിഷപ് പോൾ പെരീനി, ബിഷപ്പ് ലിയോ പ്രോസേർപ്പിയോ, ബിഷപ് ആൽദോ മരിയ പത്രോണി എന്നിവരുടെ നിസ്വാർത്ഥമായ സേവനം ഒന്നു കൊണ്ടു മാത്രമാണ് കുടിയേറ്റക്കാർക്ക് ജീവനും കരുത്തും സ്വായത്തമാക്കുവാൻ കഴിഞ്ഞത്. 1920 കളുടെ അവസാനത്തോടെ തിരുവിതാംകൂറിൽ നിന്നും ധാരാളം ജനങ്ങളെ മലബാറിലേക്കു ക്ഷണിക്കുന്നതും അവർക്ക് വേണ്ട വിശ്വാസ പരിശീലനവും ദേവാലയങ്ങളും മറ്റു സാമൂഹ്യ വിദ്യാഭ്യാസ ആതുര ശുശ്രൂഷ മേഖലകളിലെ സഹായവും പ്രദാനം ചെയ് തതും രൂപതയിലെ മെത്രാന്മാരും വൈദികരുമാണ്. 1953ൽ തലശ്ശേരി രൂപതയുടെ സ്ഥാപനത്തിന് വഴി തെളിയിച്ചതും ഔദാര്യപൂർണമായ സംഭാവനകൾ നൽകിയതും ഏറെ സ്നേഹത്തോടെ സ്മരിക്കുന്നു. മലബാറിലെ മക്കൾക്ക് വിദ്യ അഭ്യസിക്കുന്നതിന് സ്ഥാപിതമായ സ്കൂളുകൾ കോളേജുകൾ, വ്യവസായസ്ഥാപനങ്ങൾ, പ്രൊഫഷണൽ കോഴ്സുകൾ എന്നിവ ഇതിന് ഉദാഹരണമാണ്. 1793ൽ സ്ഥാപിതമായ കോഴിക്കോട് സെന്റ് ജോസഫ് ബോയ്സ് സ്കൂൾ തുടങ്ങി മറ്റ് അനേകം സ്ഥാപനങ്ങൾ ഇന്നും അഭിമാനകരമായ സേവനം കാഴ്ച വച്ചു കൊണ്ട് മുന്നേറുന്നു.

1963 കളിൽ ആരാധനാക്രമങ്ങൾ തദ്ദേശ ഭാഷകളിലേക്ക് മാറ്റം വരുത്തുവാൻ പത്രോണി പിതാവ് കാണിച്ച ഉത്സാഹം ഏവരും നന്ദിയോടു കൂടിയാണ് ഓർക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസലിൽ സംബന്ധിച്ച അദ്ദേഹം ജനഅഭിമുഖമായ ദിവ്യബലി അർപ്പിക്കുവാൻ ജനങ്ങളെ സജ്ജരാക്കുന്നതിനും. മലയാള ഭാഷയിൽ പരിഭാഷപ്പെടുത്തിയ പുതിയ ആരാധനക്രമത്തിന് നേതൃത്വം കൊടുത്തതും നാം നന്ദിയോടെ ഓർക്കുന്നു. പിതാവിന്റെ നേതൃത്വത്തിൽ എല്ലാ ആരാധനക്രമ ഗ്രന്ഥങ്ങളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. ആരാധനക്രമത്തിലെ മാറ്റങ്ങളും ഇന്ന് കേരളം മുഴുവനും ബൈബിൾ കലോത്സവം കൊണ്ടാടുമ്പോൾ അതിന്റെ ആരംഭവും ഈ കോഴിക്കോട് രൂപതയിലായിരുന്നു എന്നുള്ളത് സന്തോഷം നൽകു ന്നു. അഭിവന്ദ്യ മാക്സ്വെൽ പിതാവാണ് അതിന് മുഖ്യ നേതൃത്വം നൽകിയത്.

1980 സെപ്തംബർ 7 നാണ് കോഴിക്കോട് രൂപതയുടെ ആദ്യ തദ്ദേശിയ മെത്രാനായി മാക്സ്വെൽ നെറോണ പിതാവ് ചുമതല ഏറ്റെടുക്കുന്നത്. മാനാഞ്ചിറ മൈതാനിയിൽ മെത്രാഭിഷേക മഹോത്സവം അവിസ്മരണീയ മായ ഒരു അനുഭവം തന്നെയായിരുന്നു. രൂപതയിലെ സോഷ്യൽ സർവ്വീസ്

സൊസൈറ്റി ആരംഭിച്ചതും. ബേസിക് ക്രിസ്റ്റ്യൻ കമ്മ്യൂണിറ്റിയെ ശക്തിപ്പെടുത്തിയതും പിതാവാണ്. പിതാവിന്റെ കാലത്താണ് രൂപതയിൽ ബിബ്ലിക്കൽ, മതബോധന, ആരാധന കമ്മീഷനുകൾ ആരംഭിക്കുന്നതും രൂപതയുടെ പാസ്റ്റൽ സെന്റർ എരഞ്ഞിപ്പാലത്ത് (NRC) സ്ഥാപിക്കുന്നതും. കേരള സഭയ്ക്കുതന്നെ അഭിമാനിക്കാവുന്ന ബൈബിൾ കലോത്സവത്തിന് തുടക്കം കുറിച്ചത് മാക്സ്വെൽ പിതാവാണ്.

1908 ഡിസംബർ 9-ാം തിയതി കോഴിക്കോട് രൂപത വിഭജിച്ച് കണ്ണൂർ രൂപത നിലവിൽ വന്നു. 2002-ൽ അഭിവന്ദ്യ ജോസഫ് കളത്തിപറമ്പിൽ പിതാവ് രൂപതയുടെ സാരഥ്യം ഏറ്റെടുക്കുകയും, അദ്ദേഹം നടത്തിയ രൂപതയിലെ വൈദീകരുടെ ഏകോപനം, പള്ളികളുടെ നിർമ്മാണം പുനരുദ്ധാരണം, ശുശ്രൂഷാ വിഭാഗങ്ങളുടെ ഏകീകരണം എന്നിവ എടുത്തു പറയേണ്ട പ്രവർത്തനങ്ങളാണ്. 2011ൽ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി മോൺ. വിൻസന്റ് അറക്കൽ സ്ഥാനമേറ്റെടുത്തു.

2012-ൽ കോഴിക്കോട് രൂപതയുടെ മെത്രാനാ യി അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവ് സ്ഥാനമേറ്റെടുത്തു. കോഴിക്കോട് രൂപതയെ ശതാബ്ദി വർഷത്തിലേക്ക് നയിച്ച ഇടയനെന്ന നിലയിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട നിരവധി പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്. 200 ഓളം വീടുകൾ നിർമ്മിച്ചു നൽകുവാനും, വിവാഹ ധനസഹായം നൽകി അനേകം പേർക്ക് സ്വാന്തനം ഏകുവാനും, സൈക്കോ സ്പിരിച്വൽ കൗൺസിലിംഗ് സെന്റർ വഴി അനേകം മക്കളെ നേർവഴിക്ക് തിരിക്കുവാനും, കുടുംബങ്ങളെ കേന്ദ്രീകരിച്ചുള്ള ഹോം മിഷൻ പദ്ധതി വിഭാവനം ചെയ്യുവാനും, വയനാട് പള്ളിക്കുന്നിലും മലപ്പുറത്തും റിട്രീറ്റ് സെന്റർ ആരംഭിക്കുന്നതിലും കർമ്മനിരതനായി കൊണ്ടാണ് ശതാബ്ദി ആഘോഷിച്ചത്.

പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലിക്ക് ദൈവം നൽകിയ മറ്റൊരു സമ്മാനമാണ് മയ്യഴി അമ്മയുടെ ദേവാലയം ബസിലിക്കയായി ഉയർത്തപ്പെട്ടത്. പിതാവിന്റെ പ്രാർത്ഥനയ്ക്കും ശ്രമത്തിനും ഉള്ള വലിയൊരു പ്രത്യുത്തരം ആയി ഈ മാഹി ബസിലിക്കയുടെ ഉയർച്ച കാണപ്പെടുന്നു. മലബാറിന്റെ പ്രഥമ ബസിലിക്ക വടക്കൻ കേരളത്തിലെ മാതൃരൂപതയായ കോഴിക്കോട് രൂപതയ്ക്ക് മാത്രമല്ല മലബാറിലെ വിശ്വാസികൾക്ക് മുഴുവനും വർഗ്ഗീസ് പിതാവ് വഴി ദൈവം നൽകിയ വലിയൊരു അനുഗ്രഹമാണ്.

വയനാട്ടിലെ പള്ളിക്കുന്നിലും ചുണ്ടേലിലും രണ്ട് ഹയർ സെക്കൻഡറി വിദ്യാലയങ്ങൾ പടുത്തുയർത്തിയത് രൂപതയ്ക്ക് നൽകിയ വലിയ സംഭാവനകൾ ആണ്. തോൽപ്പെട്ടി ദേവാലയം, മേരിക്കുന്ന് ഹോളി റെഡിമർ ദേവാലയം, പുതുതായി നവീകരിച്ച തേജസ് പാക്സ് കമ്മ്യൂണിക്കേഷൻ സെന്റർ, മേരിക്കുന്നിലെ പെയിൻ & പാലിയേറ്റീവ് കെയർ സെന്റർ , പെരിന്തൽമണ്ണ

ദേവാലയം, മാനന്തവാടിയിൽ പുതിയ ദേവാലയവും, ഉയർന്നുവരുന്ന വലിയ ഷോപ്പിംഗ് കോംപ്ലക്സും, മലപ്പുറം പാരിഷ് ഹാൾ, കൽപ്പറ്റ പാരിഷ് ഹാൾ, നവീകരിച്ച കത്തീഡ്രൽ ദേവാലയവും പാരിഷ് ഹാളും , സിറ്റി സെന്റ് ജോസഫ് പാരിഷ് ഹാൾ, നവജ്യോതിസ് സെന്റർ, മഞ്ചേരി, വെസ്റ്റ്ഹിൽ, തൃക്കലങ്ങോട്, കല്ലായി, കാപ്പംകൊള്ളി, മേപ്പാടി, പാക്കം, പൊഴുതന, പിലാക്കാവ്, പനമരം, വൈത്തിരി, കൊയിലാണ്ടി ദേവാലയങ്ങൾ, വടകര ദേവാലയം, ബേപ്പൂർ ദേവാലയവും വൈദിക മന്ദിരവും, ചാത്തമംഗലം പാരിഷ് ഹാൾ, സെന്റ് സേവിയേഴ്സ് കോളേജ്, സെന്റ് പോൾസ് മൈനർ സെമിനാരി, മാവൂർ ദേവാലയവും മേടയും, പെരിന്തൽമണ്ണ ദീപാലയം അന്ധ വിദ്യാലയം ഇവയൊക്കെ പിതാവിന്റെ ജീവിതത്തിൽ എന്നും ഓർമിപ്പിക്കപ്പെടുന്ന ചില നേട്ടങ്ങൾ മാത്രം.

കേരള സമൂഹത്തിനായി കഴിഞ്ഞ 102 വർഷങ്ങളിലായി ആദ്ധ്യാത്മികവും, സാമൂഹികവും, അജപാലനപരവും, ആതുര ശുശ്രൂഷയും വിദ്യാഭ്യാസപരവുമായ സംഭാവനകൾ നൽകിയ കോഴിക്കോട് രൂപത അതിരൂപത എന്ന നിലയിൽ അനേകരിൽ ദൈവ സ്നേഹത്തിന്റെ കെടാവിളക്കായി എന്നും ശോഭിക്കട്ടെ.

## വർഗ്ഗീസ് ചക്കാലക്കൽ പിതാവ്

## മെത്രാപ്പോലീത്ത ( ആർച്ച് ബിഷപ്പ് ) പദവിയിലേക്ക്

കോഴിക്കോട് രൂപതയുടെ ഇടയനും കേരള ലത്തീൻ മെത്രാൻ സമിതിയുടെ അധ്യക്ഷനുമായ അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവിനെ മെത്രാപ്പോലീത്ത ( ആർച്ച് ബിഷപ്പ് ) പദവിയിലേക്ക് ഫ്രാൻസിസ് പാപ്പ ഉയർത്തി. ഏപ്രിൽ 12 ശനിയാഴ്ച കോഴിക്കോട് ബിഷപ്പ്സ് ഹൗസിൽ വെച്ച് വൈകുന്നേരം 3.30 നാണ് കോഴിക്കോട് രൂപതയെ അതിരൂപതയായും ചക്കാലക്കൽ പിതാവിനെ മെത്രാപ്പോലീത്തയുമായി നിയമിച്ചു കൊണ്ടുള്ള ഫ്രാൻസിസ് പാപ്പയുടെ ഉത്തരവ് പ്രഖ്യാപിച്ചത്. മെത്രാഭിഷേക വാർഷികത്തിന്റെ 26 വർഷങ്ങൾ ചക്കാലക്കൽ പിതാവ് പൂർത്തിയാക്കുമ്പോഴാണ് ദൈവം രൂപതയ്ക്കും വർഗീസ് പിതാവിനും ഈ ഉന്നത പദവികൾ നൽകി ആദരിക്കുന്നത്.

കോഴിക്കോട് അതിരൂപതയുടെ ആദ്യ മെത്രാപ്പോലീത്തയായി അവരോധിക്കപ്പെടുന്ന അഭിവന്ദ്യ വർഗീസ് ചക്കാലക്കൽ പിതാവിന്റെ ജീവിതത്തിലേക്കൊന്ന് കണ്ണോടിക്കാം . കോട്ടപ്പുറം രൂപതയിലെ മാള പള്ളിപ്പുറം സെന്റ് ആന്റണീസ് ഇടവകയിൽ 1953 ഫെബ്രുവരി ഏഴിന് ചക്കാലക്കൽ കുടുംബത്തിലാണ് പിതാവിന്റെ ജനനം. മാതാപിതാക്കളായ ഔസേപ്പും മറിയവും രണ്ട് സഹോദരന്മാരും മൂന്നു സഹോദരിമാരും അടങ്ങുന്ന സന്തുഷ്ട കുടുംബം. തന്റെ ജീവിതത്തിലെ ഏറ്റവും വലിയ സർവ്വകലാശാല തന്റെ കുടുംബമാണെന്ന് പിതാവ് പറയാറുണ്ട്. പിതാവിനെ വിശ്വാസ ജീവിതത്തിൽ ആഴപ്പെടുത്തി പരിശീലിപ്പിച്ച പുണ്യ ഇടമാണ് ചക്കാലക്കൽ കുടുംബം. പിതാവ് എപ്പോഴൊക്കെ കുടുംബത്തിലേക്ക് എത്തുന്നുവോ അപ്പോഴെല്ലാം കുടുംബത്തിലെ എല്ലാ സഹോദരങ്ങളും കുടുംബാംഗങ്ങളും ഒരുമിച്ചു വന്ന് ആ നിമിഷത്തെ ഒരാഘോഷമാക്കി മാറ്റുന്നത് അങ്ങേയറ്റം സന്തോഷത്തോടുകൂടി നേരിൽകണ്ട് അനുഭവിച്ചവരാണ് ഞങ്ങളൊക്കെ. പരേതരായ മാതാപിതാക്കളെ ഓർത്ത് അഭിവന്ദ്യ പിതാവ് എപ്പോഴും പ്രാർത്ഥിക്കുകയും അവരെപ്പറ്റി തന്റെ പ്രസംഗങ്ങളിൽ വാതോരാതെ സംസാരിക്കാറുമുണ്ട്. പ്രാർത്ഥനയുടെ മകനായി വിശ്വാസത്തിൽ വേരുറപ്പിച്ചു വളർത്തിയ ആ മാതാപിതാക്കളെ എന്നും സ്നേഹത്തോടെയും നന്ദിയോടെയുമാണ് പിതാവ് സ്മരിക്കുന്നത്. മാള പള്ളിപ്പുറം ഇടവകയിലെ അൾത്താര ബാലനായി, പ്രാർത്ഥനകളൊക്കെ ഉറക്കെ ചൊല്ലി എല്ലാവർക്കും പ്രിയങ്കരനും മാതൃകയുമായാണ് അദ്ദേഹം അവിടെ വളർന്നത്.

## മാളയുടെ മാണിക്യം മലബാറിന്റെ പുരോഹിതൻ

കോഴിക്കോട് രൂപതയ്ക്ക് വേണ്ടി ഒരു വൈദികൻ ആകണം എന്നുള്ള തീവ്രമായ ആഗ്രഹത്തോടു കൂടി വൈദിക പരിശീലനം ആരംഭിച്ചു. മംഗലാപുരത്ത് നിന്ന് തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1981 ഏപ്രിൽ രണ്ടാം തീയതി കോഴിക്കോട് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാക്സ്-വെൽ പിതാവിൽ നിന്ന് പൗരോഹിത്യപട്ടം സ്വീകരിച്ചു. പള്ളിക്കുന്ന്, പാക്കം, ചാലിൽ, വെസ്റ്റ്ഹിൽ, ഏഴിമല, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ സ്തുത്യർഹമായ ശുശ്രൂഷ ചെയ്തു. താൻ ശുശ്രൂഷ ചെയ്ത ഇടവകകളിലെ ജനങ്ങൾ ഇന്നും ചക്കാലച്ചനെ ഏറെ സ്നേഹത്തോടുകൂടി സ്മരിക്കാറുണ്ട്. അതോടൊപ്പം ആ സുഹൃദ്ബന്ധങ്ങൾ ഇന്നും തുടർന്നുകൊണ്ടുപോകുന്നത് തികഞ്ഞ ഒരു അജപാലകനാണ് എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവായി നാം കാണുന്നു.

ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് 1986-ൽ ദൈവശാസ്ത്രത്തിൽ ഉന്നത ബിരുദവും, മൈസൂർ സർവകലാശാലയിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ എം. എ. ബിരുദവും നേടിയതിനു ശേഷം അദ്ദേഹം 1987 മുതൽ 91 വരെ റോമിലെ ഉർബൻ സർവകലാശാലയിൽ സഭാ നിയമം പഠിച്ച് ഡോക്ടറേറ്റ് നേടി. 1992 മുതൽ മംഗലാപുരം സെന്റ് ജോസഫ് മേജർ സെമിനാരിയിൽ പ്രൊഫസറായും ഡീൻ ഓഫ് സ്റ്റഡീസ് ആയും സേവനം ചെയ്തു കൊണ്ടിരുന്നപ്പോൾ കണ്ണൂർ രൂപതയുടെ പ്രഥമ മെത്രാനായി ദൈവം വർഗ്ഗീസ് ചക്കാലക്കൽ പിതാവിനെ ഉയർത്തി. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പ കത്തോലിക്കാ സഭയ്ക്ക് പ്രത്യേകിച്ച് കേരള സഭയ്ക്ക് നൽകിയ സമ്മാനമായിരുന്നു അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവ്.

1999 ഫെബ്രുവരി 7-ന് കേരളത്തിലെ പതിനൊന്നാമത്തെ ലത്തീൻ രൂപതയായി കണ്ണൂർ രൂപതയ്ക്ക് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ജന്മം നൽകിയപ്പോൾ അന്ന് പത്രങ്ങളിൽ വന്ന തലക്കെട്ട് 'മാളയുടെ മാണിക്യം കണ്ണൂരിന് സ്വന്തം എന്നായിരുന്നു'. അന്നുമുതൽ ഇന്നുവരെ കണ്ണൂരിന്റെ മാത്രമല്ല കേരളസഭയുടെ തന്നെ മാണിക്യമായി വളർന്നു അഭിവന്ദ്യ വർഗ്ഗീസ് പിതാവ്. മികച്ച വചന പ്രഘോഷകൻ, അജപാലന ശുശ്രൂഷയിൽ അതീവ തത്പരൻ, പ്രസിദ്ധ ദൈവ ശാസ്ത്രജ്ഞൻ, മികച്ച വാഗ്മി, സഭാനിയമ വിദഗ്ധൻ, ദൈവജനത്തിന്റെ സ്വന്തം പിതാവ് എന്നിങ്ങനെ നീളുന്നു അദ്ദേഹത്തെ കുറിച്ചുള്ള വർണ്ണനങ്ങൾ.

## കണ്ണൂരിന്റെ പ്രഥമ മെത്രാൻ

ഒന്നുമില്ലായ്മയിൽ ദൈവത്തിന്റെ സാന്ത്വനവും അനുഗ്രഹവും കൈമുതലാക്കി കണ്ണൂർ രൂപതയെ തന്റെ സ്വന്തം കുഞ്ഞിനെപ്പോലെ

വളർത്തി വലുതാക്കി ആ ഇടയൻ. കണ്ണൂർ രൂപതയിൽ അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവ് ചെയ്ത സേവനങ്ങളെ വിലയിരുത്തുമ്പോൾ ഒരു കുഞ്ഞിന് ജന്മം നൽകിയ അമ്മയുടെ സാന്ത്വനവും സ്നേഹവും ലാളനയും കരുതലുമെല്ലാം കൂട്ടിച്ചേർത്ത വർഷങ്ങളായിരുന്നു അത്. സ്വന്തമായി ഒരു ബിഷപ്പ് ഹൗസ്, പ്രധാനപ്പെട്ട കേന്ദ്രങ്ങളോ ഒന്നുമില്ലാതിരുന്ന ആ രൂപതയിൽ ദൈവം എത്രമാത്രം പിതാവിനെ അനുഗ്രഹിച്ചു എന്നുള്ളത് ഇന്ന് വളർച്ചയുടെ പാതയിൽ ആയിരിക്കുന്ന കണ്ണൂർ രൂപതയുടെ മുഖം ദർശിച്ചാൽ മനസ്സിലാകും. കണ്ണൂർ രൂപതയുടെ ബിഷപ്പ് ഹൗസ്, കത്തീഡ്രൽ ദേവാലയം, കണ്ണൂർ വൈദിക മന്ദിരം, കെയ്റോസ് സോഷ്യൽ സർവീസ് സെന്റർ, ഹോളി മൌണ്ട് മേഴ്സി വില്ലേജ്, പിലാത്തറ, കനകപ്പള്ളി, ചെമ്പഞ്ചേരി, കാഞ്ഞങ്ങാട്, പള്ളിക്കര, മുടിക്കാനം, മടക്കാംപൊയിൽ, കൊറോം, പരിയാരം, കാരക്കുണ്ട്, മരിയപുരം, പട്ടുവം, കട്ടക്കുളം, ചെറുകുന്ന്, മാട്ടൂൽ, താവം, കാവുംചാൽ, കുറുമാത്തൂർ, തളിപ്പറമ്പ്, ബക്കളം, പൂവം ആനയാണ്ടാങ്കരി, പുതുക്കാട് എസ്റ്റേറ്റ്, നെല്ലിക്കുന്ന്, കണ്ണാടിപ്പറമ്പ്, കണ്ണൂർ സെന്റ് ആന്റണീസ് Shrine, തൃക്കരിപ്പൂർ, തലശ്ശേരി, നീലേശ്വരം എന്നിവിടങ്ങളിൽ ദേവാലയങ്ങളും സ്ഥാപനങ്ങളും നിരവധി സ്കൂളുകളും വൈദിക മന്ദിരങ്ങളും അദ്ദേഹത്തിലൂടെ രൂപതയ്ക്ക് ലഭിച്ച സമ്മാനങ്ങളാണ്. ഭൗതികമായ നേട്ടങ്ങൾക്കെല്ലാം ഉപരിയായി ആത്മാവിന്റെ അഭിഷേകത്താൽ ദൈവജനത്തെ പ്രാർത്ഥനാരൂപിയിൽ നയിച്ച, വചനപ്രഘോഷകനായി അനേക ഹൃദയങ്ങളിൽ ദൈവ സ്നേഹത്തിന്റെ അഗ്നി ജ്വലിപ്പിക്കുവാൻ കഴിഞ്ഞ ഒരു ഇടയൻ എന്ന നിലയിൽ കണ്ണൂർ രൂപതയെ അഭിമാനത്തോടുകൂടിയാണ് അദ്ദേഹം എന്നും കാണുന്നത്. ദൈവത്തിങ്കലേക്ക് ദൈവജനത്തെ അടുപ്പിക്കുന്നതിന് വേണ്ടി ആദ്ധ്യാത്മിക രംഗത്ത് പിതാവ് നൽകിയിട്ടുള്ള സംഭാവനകൾ ഏറെയാണ്. സാമൂഹിക സംസ്കാരിക രംഗത്തും അഭിവന്ദ്യ പിതാവ് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. കണ്ണൂർ കത്തീഡ്രൽ ദേവാലയത്തിലെ സെമിത്തേരിയിൽ കുരിശുകൾ തകർക്കപ്പെട്ടപ്പോൾ അഭിവന്ദ്യ പിതാവെടുത്ത സമാധാനപൂർണമായ തീരുമാനം കണ്ണൂർ ജനതയ്ക്ക് ഒരിക്കലും മറക്കാനാവില്ല. സ്നേഹത്തിന്റെ ബോംബുമായി സഞ്ചരിച്ച് കണ്ണൂരിന്റെ മത, സാംസ്കാരിക, സാമൂഹിക തലങ്ങളിലും ജനഹൃദയങ്ങളിലും ഇടം നേടിയ സ്നേഹസമ്പന്നനാണ് വർഗ്ഗീസ് ചക്കാലക്കൽ പിതാവ്.

## പേര് ചൊല്ലി വിളിക്കുന്ന കോഴിക്കോടിന്റെ ഇടയൻ

നിസ്തുലമായ ശുശ്രൂഷ ചെയ്തു കൊണ്ട് കണ്ണൂർ രൂപതയിൽ വിളങ്ങി നിന്ന അഭിവന്ദ്യ പിതാവിനെ കോഴിക്കോട് രൂപതയുടെ ഇടയനായി ബെനഡിക്ട് പതിനാറാമൻ മാർപാപ്പ 2012 മെയ് 15 തീയതി നിയമിച്ചു. Fiat Voluntas Tuam - മെത്രാനായപ്പോൾ താനേറ്റെടുത്ത തന്റെ ജീവിതത്തിന്റെ Motto

അനുസരിച്ച് ദൈവഹിതത്തിന് പൂർണ്ണമായും വിധേയമായി കൊണ്ട് ആ നിയമനം സ്നേഹത്തോടുകൂടി സ്വീകരിച്ചു. അതോടൊപ്പം തന്നെ കണ്ണൂർ രൂപതയുടെ അപോസ്റ്റോലിക് അഡ്മിനിസ്ട്രേറ്ററായി രണ്ടുവർഷം കൂടി 2014 വരെ അദ്ദേഹം തുടരുകയുണ്ടായി. കോഴിക്കോട് രൂപതയുടെ വളർച്ചയ്ക്ക് വേണ്ടി ഇക്കഴിഞ്ഞ 13 വർഷങ്ങളിലായി അക്ഷീണം പ്രയത്നിച്ചു കൊണ്ടിരിക്കുന്ന ഇടയനാണ് വർഗ്ഗീസ് പിതാവ്. ഓരോ പ്രഭാതത്തിലും തന്നെ ഭരമേൽപ്പിച്ചിരിക്കുന്ന രൂപതയെയും രൂപതാമക്കളെയും സമർപ്പിച്ചുകൊണ്ട് ദിവ്യകാരുണ്യ സന്നിധിയിൽ ആയിരിക്കുന്ന പിതാവ് പ്രാർത്ഥനയുടെ ഒരു മുഖം തന്നെയാണ് എന്നും വെളിപ്പെടുത്തിയിട്ടുള്ളത്. ദൈവാനുഗ്രഹത്താൽ രൂപതയുടെ പ്രവർത്തനങ്ങൾ ഏറ്റവും ഭംഗിയായി ക്രോഡീകരിക്കുന്നതിനും ദൈവജനത്തെ ഒറ്റക്കെട്ടായി മുന്നോട്ടു നയിക്കുന്നതിനും അഭിവന്ദ്യ പിതാവിനെ സഹായിക്കുന്നത് ദിവസവും രാവിലെ ആറുമണിതൊട്ട് എട്ടുമണിവരെ ബിഷപ്പ് ഹൗസിലെ ചാപ്പലിൽ ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നതിന്റെ ഫലമാണെന്ന് പലതവണ ദൈവജനത്തിന് മുമ്പിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ആടുകളുടെ ഗന്ധമുള്ള ഇടയൻ, ഓരോരുത്തരെയും പേര് ചൊല്ലി വിളിക്കുന്ന പിതാവ്. ഒരിക്കൽ പരിചയപ്പെട്ടു കഴിഞ്ഞാൽ ഓർമയിൽ ആ പേരുകൾ സൂക്ഷിക്കുന്ന, അവരുമായി അഭേദ്യമായ ഒരു ബന്ധം കാത്തുസൂക്ഷിക്കുന്ന, അവരെ വ്യക്തിപരമായി അടുത്തറിയുന്ന, ആടുകളുടെ സ്വന്തം തന്നെയായ പിതാവ്. എല്ലാവരെയും വിസ്മയപ്പെടുത്തുന്ന തന്റെ ഓർമ്മശക്തിയുടെ പ്രകടമായ തെളിവാണ് തന്റെ ജനങ്ങളുടെ ഓരോരുത്തരെയും പേര് ചൊല്ലി വിളിക്കുന്നതും. നിമിഷനേരങ്ങൾ കൊണ്ട് ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിചെന്നുകൊണ്ട് അവരിൽ ഒരാളായി അവരിലേക്ക് ഇഴുകി ചേരുവാനുള്ള അസാധ്യമായ ഒരു കഴിവ് ദൈവം പിതാവിന് നൽകിയിട്ടുണ്ട്. ജനങ്ങൾക്കിടയിൽ അവരിൽ ഒരുവനെപ്പോലെ ആയിരുന്നുകൊണ്ട് അവരുടെ സ്പന്ദനം അറിയുന്ന ഒരു ഇടയനാണ് അഭിവന്ദ്യ ചക്കാലക്കൽ പിതാവ്.

## നിലയ്ക്കാത്ത സ്നേഹപ്രവാഹം

പിതാവിനെ കാണുവാനായി ബിഷപ്പ് ഹൗസിൽ എത്തുന്ന ഏവരും തിരികെ പോകുന്നത് പുഞ്ചിരിക്കുന്ന മുഖവും കൈനിറയെ സമ്മാനങ്ങളുമായിട്ടാണ്. ഒരു നേരത്തെ ഭക്ഷണത്തിന് വകയില്ലാതെ, മക്കളുടെ ഭാവിയെ ഓർത്ത്, മക്കളുടെ പഠനത്തെയോർത്ത് വേദനയോടെ കരഞ്ഞുകൊണ്ടു പിതാവിനെ സമീപിക്കുന്നവർ പൂർണ്ണ സംതൃപ്തിയോടുകൂടി പിതാവിന്റെ സഹായവുമായിട്ടാണ് തിരികെ പോകുക . ഭവനം ഇല്ലാത്തവർക്ക് ഭവനങ്ങൾ നൽകിയും മക്കൾക്ക് വിദ്യാഭ്യാസം നൽകുവാൻ വേണ്ടുന്ന സഹായം നൽകിയും വിവാഹം ചെയ്തുകൊടുക്കുവാൻ മക്കൾക്ക് വേണ്ടി ഒന്നും കരുതി വയ്ക്കാനില്ലാത്ത മാതാപിതാക്കൾക്ക് ധനസഹായവും രോഗികൾക്ക്

കരുണാദ്രമായ സ്നേഹവും സഹായവും നൽകി പിതാവ് ജനങ്ങളുടെ മുമ്പിൽ ഒരു വലിയ സ്നേഹ സമ്മാനമായി തന്നെ മാറിയിരിക്കുന്നു.

കോഴിക്കോട് രൂപതയെ ശതാബ്ദി വർഷത്തിലേക്ക് നയിച്ച ഇടയനെന്ന നിലയിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട നിരവധി പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്. 200 ഓളം വീടുകൾ നിർമ്മിച്ചു നൽകുവാനും, വിവാഹ ധനസഹായം നൽകി അനേകം പേർക്ക് സ്വാന്തനം ഏകുവാനും, സൈക്കോ സ്പിരിച്വൽ കൗൺസിലിംഗ് സെന്റർ വഴി അനേകം മക്കളെ  നേർവഴിക്ക് തിരിക്കുവാനും, കുടുംബങ്ങളെ കേന്ദ്രീകരിച്ചുള്ള ഹോം മിഷൻ പദ്ധതി വിഭാവനം ചെയ്യുവാനും, വയനാട് പള്ളിക്കുന്നിലും മലപ്പുറത്തും റിട്രീറ്റ് സെന്റർ ആരംഭിക്കുന്നതിലും കർമ്മനിരതനായി കൊണ്ടാണ് ശതാബ്ദി ആഘോഷിച്ചത്.

പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലിക്ക് ദൈവം നൽകിയ മറ്റൊരു സമ്മാനമാണ് മയ്യഴി അമ്മയുടെ ദേവാലയം ബസിലിക്കയായി ഉയർത്തപ്പെട്ടത്. പിതാവിന്റെ പ്രാർത്ഥനയ്ക്കും ശ്രമത്തിനും ഉള്ള വലിയൊരു പ്രത്യുത്തരം ആയി ഈ മാഹി ബസിലിക്കയുടെ ഉയർച്ച കാണപ്പെടുന്നു. മലബാറിന്റെ പ്രഥമ ബസിലിക്ക വടക്കൻ കേരളത്തിലെ മാതൃരൂപതയായ കോഴിക്കോട് രൂപതയ്ക്ക് മാത്രമല്ല മലബാറിലെ വിശ്വാസികൾക്ക് മുഴുവനും വർഗ്ഗീസ് പിതാവ് വഴി ദൈവം നൽകിയ വലിയൊരു അനുഗ്രഹമാണ്.

വയനാട്ടിലെ പള്ളിക്കുന്നിലും ചുണ്ടേലിലും രണ്ട് ഹയർ സെക്കൻഡറി വിദ്യാലയങ്ങൾ പടുത്തുയർത്തിയത് രൂപതയ്ക്ക് നൽകിയ വലിയ സംഭാവനകൾ ആണ്. തോൽപ്പെട്ടി ദേവാലയം,  മേരിക്കുന്ന് ഹോളി റെഡിമർ ദേവാലയം, പുതുതായി നവീകരിച്ച തേജസ് പാക്സ് കമ്മ്യൂണിക്കേഷൻ സെന്റർ, മേരിക്കുന്നിലെ പെയിൻ & ധപാലിയേറ്റീവ് കെയർ സെന്റർ , പെരിന്തൽമണ്ണ ദേവാലയം,  മാനന്തവാടിയിൽ പുതിയ ദേവാലയവും, ഉയർന്നുവരുന്ന വലിയ ഷോപ്പിംഗ് കോംപ്ലക്സും, മലപ്പുറം പാരിഷ് ഹാൾ, കൽപ്പറ്റ പാരിഷ് ഹാൾ, നവീകരിച്ച  കത്തീഡ്രൽ ദേവാലയവും പാരിഷ് ഹാളും , സിറ്റി സെന്റ് ജോസഫ് പാരിഷ് ഹാൾ, നവജ്യോതിസ് സെന്റർ, മഞ്ചേരി, വെസ്റ്റ്ഹിൽ, തൃക്കലങ്ങോട്, കല്ലായി, കാപ്പംകൊള്ളി, മേപ്പാടി, പാക്കം, പൊഴുതന, പിലാക്കാവ്, പനമരം, വൈത്തിരി, കൊയിലാണ്ടി ദേവാലയങ്ങൾ, വടകര ദേവാലയം, ബേപ്പൂർ ദേവാലയവും വൈദിക മന്ദിരവും, ചാത്തമംഗലം പാരിഷ് ഹാൾ, സെന്റ് സേവിയേഴ്സ് കോളേജ്, സെന്റ് പോൾസ് മൈനർ സെമിനാരി, മാവൂർ ദേവാലയവും മേടയും, പെരിന്തൽമണ്ണ ദീപാലയം അന്ധ വിദ്യാലയം ഇവയൊക്കെ  പിതാവിന്റെ ജീവിതത്തിൽ എന്നും ഓർമിപ്പിക്കപ്പെടുന്ന ചില നേട്ടങ്ങൾ മാത്രം.

ആത്മാർത്ഥമായ തന്റെ സേവനങ്ങളെ ദർശിച്ചുകൊണ്ട് പിതാവായ ദൈവം അദ്ദേഹത്തെ പല പദവികളിലേക്കും ഉയർത്തുകയുണ്ടായി. KRLCC & KRLCBC പ്രസിഡന്റ്, CCBI ജനറൽ സെക്രട്ടറി, കെസിബിസി വൈസ് പ്രസിഡന്റ്, ദൈവവിളി, സെമിനാരികൾ, വൈദികർ, സന്യസ്തർ എന്നിവയ്ക്കായുള്ള CCBI കമ്മീഷൻ അധ്യക്ഷൻ, ആലുവ കർമ്മലഗിരി സെമിനാരി കമ്മീഷൻ അധ്യക്ഷൻ, മംഗലാപുരം മേജർ സെമിനാരി ബോർഡ് മെമ്പർ, KCBC കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ, തിയോളജി കമ്മീഷൻ ചെയർമാൻ etc.

ദൈവം അനാദി മുതൽക്കേ വർഗ്ഗീസ് പിതാവിനെകുറിച്ച് ചിന്തിച്ചു, പേര് ചൊല്ലി വിളിച്ച് തിരഞ്ഞെടുത്തു അഭിഷേകം ചെയ്തു തന്റെ ജനത്തെ നയിക്കുവാനുള്ള ഇടയനാക്കുകയും ദൈവിക സുഗന്ധം മറ്റുള്ളവർക്ക് പകർന്നുനൽകുന്ന ഒരു നല്ല പിതാവാക്കി രൂപപ്പെടുത്തുകയും ചെയ്തു. കഴിഞ്ഞ 25 വർഷങ്ങൾ ഈശോയുടെ തിരുഹൃദയത്തോട് ചേർന്ന് നിന്ന് പൗരോഹിത്യത്തിലും മെത്രാഭിഷേകത്തിലും വിളങ്ങികൊണ്ട് ദൈവജനത്തെ വിശുദ്ധിയിലും സ്നേഹത്തിലും കൂട്ടായ്മയിലും വളർത്തി മുന്നേറുകയാണ്.

വർഗീസ് പിതാവിനെ സമ്മാനിച്ച സ്വർഗീയ പിതാവിന്റെ മുമ്പിൽ കൂപ്പുകരങ്ങളോടെ രൂപത മക്കൾ നന്ദി അർപ്പിക്കുകയാണ്. വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ പകർന്നു നൽകി ദൈവത്തിന്റെ പ്രിയ മകനായി വളർത്തിയ മാതാപിതാക്കൾക്കും പ്രിയ സഹോദരങ്ങൾക്കും കുടുംബാംഗങ്ങൾക്കും മുന്നിൽ രൂപതയുടെ അങ്ങേയറ്റം കടപ്പാടും സ്നേഹവും അറിയിക്കുന്നു. ഇനിയും ഈ വിസ്മയത്തിന്റെ നക്ഷത്രം കോഴിക്കോട് അതിരൂപതയുടെ ആദ്യ മെത്രാപ്പോലീത്തയായി ശോഭിക്കട്ടെ. പൂജ രാജാക്കന്മാർക്ക് ബദ് ലെഹെമിലേക്ക് വഴികാട്ടിയായ നക്ഷത്രത്തെ പോലെ സ്വർഗീയ പിതാവിന്റെ അടുക്കലേക്ക് യാത്രയാകുന്ന ഓരോ ക്രൈസ്തവ വിശ്വാസിക്കും പിതാവ് ഒരു നക്ഷത്രമായി വഴികാട്ടിയായി വിശ്വാസത്തിന്റെ ദീപനാളമായി എന്നും പ്രശോഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

# അതിരൂപതയുടെ അർത്ഥവും പ്രാധാന്യവും.

കോഴിക്കോട് രൂപതയെ അതിരൂപതയായി പ്രഖ്യാപിക്കുമ്പോൾ അതിരൂപത എന്ന് പറയുന്ന വാക്കിന്റെ അർത്ഥവും കത്തോലിക്കാ സഭയിൽ അതിരൂപതക്കുള്ള പ്രാധാന്യവും അതിരൂപതയുടെ തലവനായ മെത്രാപ്പോലീത്ത പ്രാധാന്യവും എന്താണെന്ന് ചുവടെ ചേർക്കുകയാണ്. ഒരു രൂപതയെ അതിരൂപതയായി പ്രഖ്യാപിക്കുമ്പോൾ പ്രധാനമായും അജപാലനമേഖലയിലെയും ചരിത്ര സാമൂഹ്യ സാംസ്കാരിക വിശ്വാസ പാരമ്പര്യങ്ങളെയും പഠിച്ചു കൊണ്ടാണ് വത്തിക്കാൻ അത് പ്രഖ്യാപിക്കുക. കോഴിക്കോട് രൂപതയ്ക്ക് ഈ മേഖലകളിലുള്ള പ്രാധാന്യവും മികവുറ്റ സംഭാവനകളെയും പഠിച്ച് കൊണ്ടാണ് വത്തിക്കാൻ കോഴിക്കോട് രൂപതയെ അതിരൂപത പദവിയിലേക്ക് ഉയർത്തിയിട്ടുള്ളത്. നാളിതുവരെ കോഴിക്കോട് രൂപത വരാപ്പുഴ അതിരൂപതയുടെ കീഴിൽ ഒരു സഫ്റഗൺ രൂപതയായിരുന്നു. ഒരു സഫ്രഗൻ രൂപത എന്നത് പ്രവിശ്യയിലെ മെട്രോപൊളിറ്റന് കീഴിലുള്ള ഒരു രൂപതയാണ്. വരാപ്പുഴ അതിരൂപതയിലെ സഫ്രഗൻ രൂപതകളായ കണ്ണൂർ, സുൽത്താൻപേട്ട് കോഴിക്കോട് അതിരൂപതയിലെ പുതിയ സഫ്രഗൻ രൂപതകളായി ഇനി അറിയപ്പെടും. അതിരൂപതയുടെ ഇടയനെ Archbishop അഥവാ മെത്രാപ്പോലീത്ത എന്നാണ് അറിയപ്പെടുക. കോഴിക്കോട് അതിരൂപതയുടെ തലവൻ വർഗീസ് ചക്കാലക്കൽ പിതാവ് ഇനി മുതൽ മെത്രാപ്പോലീത്ത അഥവാ Archbishop എന്നായിരിക്കും അറിയപ്പെടുക.

## അധികാര ചിഹ്നം: പാലിയം

മെത്രാപ്പോലീത്തമാർക്ക് പാപ്പ നൽകുന്ന തിരുവസ്ത്രമാണ് പാലിയം. ഇത് വെളുത്ത ചെമ്മരിയാടിൻറെ രോമം ഉപയോഗിച്ച് കൈകൊണ്ടു നിർമ്മിക്കുന്നതും കഴുത്തിൽ അണിയുന്നതുമായ ഉത്തരീയ രൂപത്തിലുള്ളതാണുള്ളത്. ചുവപ്പു നിറത്തിലുള്ള 5 ചെറിയ കുരിശുകളും, മൂന്ന് ആണികളും ഇതിൽ തുന്നിച്ചേർത്തിരിക്കുന്നു. ഇത് ക്രിസ്തുവിൻറെ പഞ്ചക്ഷതങ്ങളെയും കുരിശു മരണത്തെയും അനുസ്മരിപ്പിക്കുന്നു. ഗ്രീക്ക്, ലത്തീൻ ഭാഷകളിൽ മാത്രം കാണുന്ന Pallium എന്ന വാക്ക് ചെറിയ തിരുവസ്ത്രം അല്ലെങ്കിൽ ഉത്തരീയം എന്നാണ് അർത്ഥമാക്കുന്നത്. യേശുവിന്റെ മാതൃകയും ഉത്തരവാദിത്തവും മെത്രാപ്പോലീത്തമാരെ മാർപാപ്പ ഭരമേൽപ്പിക്കുന്നതിന്റെ സൂചകമാണ് പാലിയം ഉത്തരീയ ധാരണം.

## മെട്രോപൊളിറ്റൻ ആർച്ച് ബിഷപ്പിന്റെ പങ്ക്.

**സഭയുടെ കാനോനിക നിയമമനുസരിച്ച് അതിരൂപത മെത്രാപ്പോലീത്തയുടെ പ്രധാന ലക്ഷ്യം പ്രവിശ്യയിലെ എല്ലാ സഫ്രഗൻ രൂപതകളെയും അജപാലന ശുശ്രൂഷകളിലും വിശ്വാസ സംരക്ഷണത്തലും സഹായിക്കുക എന്നുള്ളതാണ്. റോമൻ കത്തോലിക്കാ അർത്ഥത്തിൽ ഒരു അതിരൂപത എന്നത് ഒരു സഭാ പ്രവിശ്യയുടെ പ്രധാന രൂപതയാണ്. വ്യക്തികളുടെയും സ്ഥലങ്ങളുടെയും സാഹചര്യങ്ങൾക്കനുസരിച്ച് വിവിധ അയൽ രൂപതകളുടെ പൊതുവായ അജപാലന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതും രൂപത മെത്രാന്മാരുടെ പരസ്പര ബന്ധം കൂടുതൽ ഉചിതമായി വളർത്തിയെടുക്കുന്നതും, മെത്രാപ്പോലീത്തയുടെ ശുശ്രൂഷകളായിരിക്കും. (Can.431 §1.) തന്റെ രൂപതയുടെ ആർച്ച് ബിഷപ്പായ ഒരു മെത്രാപ്പോലീത്ത, ഒരു സഭാ പ്രവിശ്യയുടെ അധ്യക്ഷൻ ആണ്. വിശ്വാസവും സഭാ അച്ചടക്കവും ശ്രദ്ധാപൂർവ്വം പാലിക്കപ്പെടുന്നതിന് ജാഗ്രത പാലിക്കുക, ദുരുപയോഗങ്ങൾ ഉണ്ടെങ്കിൽ റോമൻ പോപ്പിനെ അറിയിക്കുക എന്നിവയും മെത്രാപ്പോലീത്തയുടെ ചില ദൗത്യങ്ങളാണ്;**

# ELEVATION OF THE DIOCESE OF CALICUT TO AN ARCHDIOCESE

When the Holy See declares a diocese as an archdiocese, it is based on a careful study of various factors such as its pastoral effectiveness, historical significance, socio-cultural context, and the strength of its faith traditions. In recognition of the remarkable contributions of the Diocese of Calicut in these areas, the Vatican has elevated it to the status of an **Archdiocese**. Previously, the Diocese of Calicut functioned as a **suffragan diocese** under the **Archdiocese of Verapoly (Varappuzha)**. A suffragan diocese is one that is part of an ecclesiastical province and falls under the jurisdiction of a metropolitan archbishop. With this elevation, the dioceses of **Kannur** and **Sultanpet**, formerly suffragans of the Archdiocese of Verapoly, will now become suffragan dioceses under the newly established **Archdiocese of Calicut**.

## Meaning and Importance of an Archdiocese

In the Roman Catholic Church, an **archdiocese** is the primary diocese within an ecclesiastical province. It holds a special place in the Church's administrative and pastoral structure. The **archbishop**, also known as the **metropolitan**, leads the archdiocese and plays a key role in coordinating the pastoral efforts of the suffragan dioceses under his jurisdiction. The elevation of a diocese to an archdiocese signifies its greater responsibility and influence in the mission of the Church. According to **Canon Law (Can. 431 §1)**, the main purpose of an archdiocese is to foster coordinated pastoral action among the dioceses in the province and to support the safeguarding of the faith. The **metropolitan** ensures unity and collaboration among the bishops of the suffragan dioceses and assists in addressing local pastoral and administrative matters.

## The Role of the Metropolitan Archbishop

With the elevation of CALICUT, **Bishop Varghese Chakkalakkal** becomes the F**irst Metropolitan Archbishop** of the new archdiocese. As metropolitan, his role extends beyond his own diocese. He is tasked with promoting ecclesiastical discipline and safeguarding the faith across the province. As outlined in **Canon 435**, the metropolitan presides over the ecclesiastical province from a see established or approved by the Pope. Among his duties, the metropolitan must ensure that faith and ecclesiastical norms are upheld in the suffragan dioceses. If he observes any significant abuses or deviations, he is obliged to report them to the Holy See.

## Symbol of Authority: The Pallium

The **pallium** is a distinctive vestment symbolizing the metropolitan's unity with the Pope and his role as a shepherd within the wider Church. Bestowed by the Holy Father, the pallium is a narrow band made of white wool, adorned with **five red crosses** and **three pins**, representing the **five wounds of Christ**. Its name, derived from the Greek and Latin word *pallium*, means "a small mantle" or "sacred garment." The pallium is worn around the neck and shoulders, signifying the metropolitan's commitment to pastoral care, unity with the Church of Rome, and responsibility for the suffragan dioceses under his guidance.